# വെളിപ്പാടുപുസ്തകപഠനം-3

# അന്ത്യകാലസംഭവൾ വെളിപ്പാടുപുസ്തകത്തിൽ മറനീക്കി കാണിക്കുന്നു

## പാസ്റ്റർ സി.വി. ആൻഡ്രൂസ്

'വെളിപ്പാട്' എന്നതിന്റെ ഗ്രീക്ക് പദം 'അപ്പോക്കാലിപ്സിസ്' എന്നാണ്. 'മറച്ചിരിക്കുന്ന ശീല മാറ്റുക' എന്നതാണ് അതിന്റെ അർത്ഥം. ദൈവം നിശ്ചയിച്ചിട്ടുള്ളതും മനുഷ്യർക്ക് വെളിപ്പെടാതെ മറഞ്ഞുകിടക്കുന്നതുമായ വസ്തുതകളെ വെളിപ്പെടുത്തിയിരിക്കുന്ന പുസ്തകമാണ് വെളിപ്പാട് പുസ്തകം. ഒരു ചിത്രത്തിന്റെ മുന്നിലിരിക്കുന്ന മറ നീക്കുമ്പോൾ ആ ചിത്രം ദൃശ്യവേദ്യമാകുന്നതുപോലെ ഭാവികാല സംഭവങ്ങളെ മറനീക്കി കാണിക്കുന്നതുകൊൺടാണ് ഈ പുസ്തകത്തിന് ഈ പേർ ലഭിച്ചത്. പിതാവായദൈവം പുത്രനിൽ ഈ വെളിപ്പാട് ഭരമേൽപ്പിക്കുകയും നമ്മുടെ കർത്താവ് അത് വെളിപ്പെടുത്തിത്തരികയും ചെയ്തതുകൊൺട് (വെളിപ്പാട് 1:1)ഇത് യേശുക്രിസ്തുവിന്റെ വെളിപ്പാടാണ്. ചുരുക്കമായിപ്പറഞ്ഞാൽ യേശുക്രിസ്തു വെളിപ്പെടുത്തിത്തന്നത് എന്ന് സാരം.

നമ്മുടെ കർത്താവായ യേശുക്രിസ്തു ഗലീലാ പുരുഷന്മാർ കാൺകെ ഒലിവുമലയുടെ മുകളിൽനിന്നും സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തതിനു ശേഷം ഒരു മേഘം അവനെ മറച്ചു. ശിഷ്യന്മാർ പിന്നീട് അവനെ കൺടിട്ടില്ല. പിന്നീട് കർത്താവ് ഏതവസ്ഥയിൽ സ്ഥിതിചെയ്യുന്നു എന്നുള്ളത് ആത്മാവിനാൽ അവർക്ക് വെളിപ്പെട്ടതനുസരിച്ച് രേഖപ്പെടുത്തിയിരിക്കുകയാണ്. സ്റ്റെഫാനോസിനെ കല്ലെറിഞ്ഞുകൊല്ലുന്ന സമയത്ത് സ്വർഗ്ഗം തുറന്ന് താൻ യേശുവിനെ കൺടുവെങ്കിലും യേശുവിന്റെ വർണ്ണന നമുക്കു ലഭിച്ചിട്ടില്ല.

അപ്പൊസ്തൊലനായ പൗലോസ് ദമാസ്കസിന്റെ പടിവാതിൽക്കൽവച്ച് യേശുവിനെ മിന്നൽ വേഗതയിലുള്ള ഒരു കാഴ്ചയായി മാത്രമാണ് കൺടത്. ആ കാഴ്ചയെക്കുറിച്ചു കൂടുതലായി വർണ്ണിച്ചിട്ടില്ല. എന്നാൽ, യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം യേശു എങ്ങനെ സ്ഥിതിചെയ്യുന്നു എന്നുള്ളതും ഏതെല്ലാം സ്ഥാനങ്ങളിൽ താൻ ആയിരിക്കുന്നു എന്നുള്ളതും ഏതെല്ലാം നിലയിൽ താൻ ഇരിക്കും എന്നുള്ളതും വെളിപ്പെടുത്തിയിരിക്കുന്നത് വെളിപ്പാടു പുസ്തകത്തിൽ മാത്രമാണ്.

വെളിപ്പാടു പുസ്തകം ഒന്നാം അധ്യായത്തിൽ യേശുവിനെ മഹത്വപൂർണ്ണനായും രാജപുരോഹിതനായും വെളിപ്പെടുത്തിയിരിക്കുന്നു. അവിടത്തെ മാർവ്വിലുള്ള പൊൻകച്ച രാജത്വത്തെയും നിലയങ്കി പൗരോഹിത്യത്തെയും ചൂൺടിക്കാണിക്കുന്നു. മെൽക്കിസദേക്കിന്റെ ക്രമപ്രകാരമുള്ള പൗരോഹിത്യമായി ഇതിനെ നമുക്ക് ഇവിടെ ദർശിക്കാം.

രൺടും മൂന്നും അധ്യായങ്ങളിൽ ക്രിസ്തു ആസ്യയിലുള്ള ഏഴു സഭകളുടെ അഥവാ ഏഴ് നിലവിളക്കുകളുടെ നടുവിൽ നടക്കുന്നവനായി വെളിപ്പെടുത്തിയിരിക്കുന്നു. ഒന്നാം അധ്യായത്തിൽ പിതാവിന്റെ സന്നിധിയിൽ താൻ എങ്ങനെ സ്ഥിതിചെയ്യുന്നു

എന്ന് വെളിപ്പെടുത്തിയശേഷം രൺടും മൂന്നും അധ്യായങ്ങളിൽ സഭകളുടെ നടുവിൽ നടക്കുന്നവനായി അഥവാ സഭയുടെ പരിപാലകനായി യേശുവിനെ വെളിപ്പെടുത്തിയിരിക്കുന്നു.

നാലാം അധ്യായത്തിൽ ദൈവസിംഹാസനത്തിൽ ഇരിക്കുന്നവനായി യേശുവിനെ വെളിപ്പെടുത്തിയിരിക്കുന്നു. കൂടാതെ, ആരാധനയുടെ കേന്ദ്രമായി യേശുവിനെ അവിടെ കാണാം. ഞാനും പിതാവും ഒന്നാകുന്നു എന്ന് യേശു പറഞ്ഞു (യോഹ.10:30). അത് ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നു. പിതാവായ ദൈവത്തോടുകൂടെ, പിതാവിൽ, പിതാവിന്റെ സിംഹാസനത്തിൽ യേശു ഇരിക്കുന്നു.

അഞ്ചാം അധ്യായത്തിൽ ആരാധനയുടെ കേന്ദ്രവിഷയമായി യേശുവിനെ വെളിപ്പെടുത്തിയിരിക്കുന്നു. യേശുക്രിസ്തു കാൽവരി ക്രൂശിൽ നിവർത്തിച്ച വീണ്ടെടുപ്പിന്റെ പ്രാധാന്യം ഈ അധ്യായത്തിൽ കാണാം.

ആറാം അധ്യായം മുതൽ പത്തൊമ്പതാം അധ്യായം വരെ ഭൂമിയിൽ ന്യായവിധി നടത്തുന്നതായി വെളിപ്പെടുത്തിയിരിക്കുന്നു. കൂടാതെ ഭൂമിയിൽനിന്നും ചില രക്ഷിതഗണത്തെ വിടുവിക്കുന്നതായും കാണാം.

പത്തൊമ്പതാം അധ്യായത്തിൽ ക്രിസ്തുവിനെ ആദ്യം സഭാകാന്തനായും പിന്നീട് സൈന്യാധിപനുമായി വെളിപ്പെടുത്തിയിരിക്കുന്നു.

ഇരുപതാം അധ്യായത്തിൽ യേശു രാജാധി രാജാവായി വാഴുന്നവനായി വെളിപ്പെടുത്തിയിരിക്കുന്നു. കൂടാതെ ഇതേ അധ്യായത്തിൽ (20:11–15) അന്ത്യന്യായവിധി നടത്തുന്നവനായും വെളിപ്പെടുത്തിയിരിക്കുന്നു.

ഇരുപത്തിയൊന്നാം അധ്യായത്തിൽ യേശുവിനെ സഭാകാന്തനായും പുതിയ യെരുശലേമിന്റെ വിളക്കായും വെളിപ്പെടുത്തിയിരിക്കുന്നു. ഇരുപത്തി രൺടാം അധ്യായത്തിൽ ആരാധനയുടെ കേന്ദ്രമായി യേശു വെളിപ്പെടുന്നു. 1കൊരി.15:28ൽ 'രാജ്യം പിതാവിനെ ഏൽപ്പിച്ച് കീഴ്പ്പെടുന്നു' എന്ന് വായിക്കുന്നു. മനുഷ്യപുത്രൻ എന്ന നിലയിൽ താൻ ചെയ്തുതീർക്കേൺട പ്രവൃത്തികൾ തികച്ചു ദൈവപുത്രൻ എന്ന നിലയിൽ പിതാവിനോടു ഏകീഭവിച്ചു ദൈവികപദ്ധതിയിൽ പ്രവേശിക്കുന്നു.

നാം ഇതുവരെ ചിന്തിച്ചതിൽനിന്നും ക്രിസ്തു ആരായിരിക്കുന്നു എന്നും ഇനിയും ഏതെല്ലാം നിലയിൽ ആയിത്തീരുമെന്നും വെളിപ്പെടുത്തിയിരിക്കുന്നു. ഈ പുസ്തകം മുഴുവൻ യേശുക്രിസ്തുവിന്റെ വെളിപ്പാടാണ്.

പിതാവായ ദൈവത്തിന്റെ തിരുഹൃദയത്തിൽ മറഞ്ഞിരുന്ന ഈ വെളിപ്പാട് പുത്രന് നൽകുകയും പുത്രനത് ഒരു ദൂതനെ ഏൽപ്പിക്കുകയും ദൂതനത് പത്മോസ് ദ്വീപിൽ ആയിരിക്കുന്ന യോഹന്നാന് വെളിപ്പെടുത്തുകയും ചെയ്യുന്നു. മഹത്തായ ക്രിസ്തുവിന്റെ വെളിപ്പാടായ ഈ പുസ്തകം യോഹന്നാൻ മുഖാന്തരം ദൈവസഭയ്ക്ക് ലഭിച്ചു.

ഈ പുസ്തകത്തിന്റെ യഥാർത്ഥ ഗ്രന്ഥകാരൻ ദൈവമാണ്. ഇത് മനുഷ്യന്റെയോ ദൂതന്റെയോ ഉത്പന്നമല്ല. ഇത് യോഹന്നാന്റെ വെളിപ്പാടുമല്ല. യോഹന്നാന് പ്രദർശിപ്പിക്കപ്പെട്ട വെളിപ്പാടാണ്. ഈ വെളിപ്പാടുകളെ പുസ്തകരൂപത്തിൽ നൽകിയത് അപ്പൊസ്തൊലനായ യോഹന്നാൻ ആകുന്നു.(വെളിപ്പാട് 1:4. 1:9. 22:8)

വെളിപ്പാട് പുസ്തകത്തിന് ദാനിയേൽ പ്രവചനത്തോടു ബന്ധമുണ്ട്. അന്ത്യകാലത്തേക്ക് അടച്ചും മുദ്രയിട്ടും ഇരിക്കുന്ന ഗ്രന്ഥമാണ് ദാനിയേൽ പ്രവചനം (ദാനിയേൽ 12:9). അന്ത്യകാലസംഭവങ്ങളെ വെളിപ്പാടു പുസ്തകത്തിൽ മറമാറ്റി കാണിക്കുന്നു. അന്ത്യകാലത്ത് എഴുന്നേൽക്കുവാനുള്ള പത്ത് രാജ്യങ്ങളെ അഥവാ പത്തുരാജാക്കന്മാരെപ്പറ്റി ദാനിയേലും യോഹന്നാനും ദർശിക്കുന്നു. (ദാനിയേൽ 7:7, 24. വെളിപ്പാട് 13:1. 17:12). എതിർക്രിസ്തുവിനെ ദാനിയേൽ ദർശനത്തിൽ കണ്ടു. (ദാനിയേൽ 7:24–25. 9:26–27) എന്നാൽ, യോഹന്നാന് അന്തിക്രിസ്തുവിനെപ്പറ്റി വ്യക്തമായ വെളിപ്പാടുണ്ടായി (വെളിപ്പാട് 13–ാം അധ്യായം). ദാനിയേലിനും യോഹന്നാനും മഹോദ്രപവകാല ദൈർഘ്യം വ്യക്തമായി വെളിപ്പെട്ടു. 'കാലവും കാലങ്ങളും കാലാംശവും' ദാനിയേൽ 7:25ലും 'ഒരു കാലവും ഇരുകാലവും അരക്കാലവും' (വെളിപ്പാട് 12:14).

എഴുപത് ആഴ്ചവട്ടങ്ങളെക്കുറിച്ചുള്ള വെളിപ്പാട് ദാനിയേലിനു ലഭിച്ചു. അതിൽ നിർവൃത്തിയാകുവാനുള്ള എഴുപതാം ആഴ്ചവട്ടം അഥവാ ഏഴു വർഷങ്ങൾ വെളിപ്പാടുപുസ്തകത്തിൽ പരാമർശിക്കുന്നു. ദാനിയേൽ 9:25–27ൽ പറഞ്ഞിരിക്കുന്ന എഴുപത് ആഴ്ചവട്ടങ്ങളിൽ (70ത7=490 വർഷങ്ങളിൽ) അറുപത്തിയൊമ്പത് ആഴ്ചവട്ടങ്ങൾ അഥവാ നാനൂറ്റി എൺപത്തിമൂന്നി വർഷങ്ങൾ ക്രിസ്തുവിന്റെ ക്രൂശുമരണത്തോടെ പൂർത്തിയായി. (ദാനിയേൽ 9: 9–26). അറുപത്തിയൊമ്പതാം ആഴ്ചവട്ടത്തിനും എഴുപതാം ആഴ്ചവട്ടത്തിനും ഇടയ്ക്കുള്ള കാലയളവാണ് സഭായുഗം. ഈ സഭായുഗത്തിലാണ് നാം ഇപ്പോൾ ആയിരിക്കുന്നത്. സഭയുടെ ഉത്പ്രാപണത്തിനു ശേഷം അവസാനത്തെ ആഴ്ചവട്ടമായ എഴുപതാം ആഴ്ചവട്ടം ആരംഭിക്കും, അതാണ് മഹോപദ്രവകാലം. അത് എതിർക്രിസ്തുവിന്റെ ഭരണകാലമാണ്. അത് ഏഴു വർഷമാണ്. ദാനിയേൽ പ്രവചനത്തിൽ അതിന്റെ സൂചന ലഭിക്കുന്നു. ദാനിയേൽ 9:27. എന്നാൽ, വെളിപ്പാടു പുസ്തകത്തിൽ ആ കാലഘട്ടം മുഖ്യവിഷയമായി വെളിപ്പെടുത്തിയിരിക്കുന്നു. ഈ എഴുപത് ആഴ്ചവട്ടങ്ങളെക്കുറിച്ച് പിന്നാലെ വിശദീകരിക്കുന്നതാണ്.